GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/08/2026

1. കാർഷിക വികസന ക്ഷേമ വകുപ്പും നബാഡും സംയുക്തമായി **കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് കൈത്താങ്ങായി AIF സംസ്ഥാനതല കോൺക്ലേവ്** സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 10 ന് കോഴിക്കോട് കോവൂർ പി.കൃഷ്ണപിള്ള മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് കോൺക്ലേവ് ഉൽഘാടനം ചെയ്യുന്നു. കാർഷിക മേഖലയെ മൂല്യവർദ്ധിതവും വരുമാനവർദ്ധനവുമുള്ള സംരംഭ മേഖലയാക്കി മാറ്റുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (Agriculture Infrastructure Fund – AIF) പദ്ധതിയെക്കുറിച്ച് കർഷകർക്കും സംരംഭകർക്കും ബാങ്കിംഗ് സ്ഥാപനങ്ങൾക്കും കൂടുതൽ അവബോധം നൽകുന്നതിനായിട്ടാണ്

കൃഷിവകുപ്പ് സ്ഥാനതല AIF കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കാർഷിക വികസനത്തിനായി പുതിയ നിക്ഷേപ സാധ്യതകൾ, വിളവെട്ടുപ്പിന് ശേഷമുള്ള സംഭരണം, ഗ്രേഡിംഗ്, പാക്കിംഗ്, കോൾഡ് സ്റ്റോറേജ്, പ്രാഥമിക സംസ്കരണം, ഫുഡ് പ്രോസസ്സിംഗ്, അഗ്രി–ലോജിസ്റ്റിക്സ് തുടങ്ങി കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പദ്ധതികൾക്ക് AIF വഴി ആകർഷകമായ വായ്പയും പലിശ സബ്സിഡിയും ലഭ്യമാക്കുന്നു. കർഷകർ, കാർഷിക/കൃഷി സംരംഭകർ, എഫ്.പി.ഒ (FPO) കൾ, കാർഷിക ഇൻപുട്ട് ഡീലർമാർ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ, SHGകൾ, കാർഷിക ധനസഹായം/ സർക്കാർ പദ്ധതികൾ തേടുന്നവർ എന്നിവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9188014503, 8943387552 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കർഷക ദിനാചരണത്തോടനുബന്ധിച്ച് വിഴിഞ്ഞം കൃഷിഭവൻ പരിധിയിലെ മികച്ച കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ ഇന്ന് (ആഗസ്റ്റ് 7–ന് ) മുൻപായി കൃഷിഭവനിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് 93834 70129 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

3. കർഷകദിനത്തോടനുബന്ധിച്ച് വർക്കല ചെമ്മരുതി പഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ ചെമ്മരുതി

കൃഷിഭവൻ പരിധിയിലെ മികവുറ്റ കർഷകരെ ആദരിക്കുന്നു. കർഷകർ പാസ്പോർട്ട് സൈസ് ഫോട്ടോസഹിതം ആഗസ്റ്റ് 10 ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി ചെമ്മരുതി കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 9383470188 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

4. പെരുവണ്ണാമൂഴി കൃഷിവിജ്ഞാന കേന്ദ്രത്തിൽ **കൂൺ കൃഷി** എന്ന വിഷയത്തിൽ ആഗസ്റ്റ് ഏഴിന് ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9567804551 എന്ന നമ്പറിൽ വിളിച്ച് റജിസ്റ്റർ ചെയ്യേണ്ടതാണ് .

5. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി കുവപ്പടി കൃഷിഭവന്റെ നേതൃത്വത്തിൽ മികച്ച കർഷകരെ ആദരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. നെൽകർഷകൻ / കർഷക, സമ്മിശ്ര കൃഷി കർഷകൻ /കർഷക, വനിതാ കർഷക, എസ് സി/എസ് ടി കർഷകൻ / കർഷക, ജൈവ കർഷകൻ/ കർഷക, യുവകർഷകൻ/ കർഷക, മുതിർന്നകർഷകൻ/കർഷക (70 വയസ്സിനു മുകളിൽ) കർഷക തൊഴിലാളി. സ്കൂൾവിദ്യാർഥി കർഷകൻ / കർഷക, തേനീച്ച കർഷകൻ / കർഷക, പാട്ടക്കൃഷി ചെയ്യുന്ന കർഷകൻ / കർഷക, കൂൺകർഷകൻ / കർഷക എന്നീ വിഭാഗങ്ങളിൽ ആദരിക്കും. വെള്ളക്കടലാസിൽ

തയാറാക്കിയ അപേക്ഷ, 2 പാസ് പോർട്ട് സൈസ് ഫോട്ടോ, വാർഡ് അംഗത്തിന്റെ ശുപാർശക്കത്ത് എന്നിവ സഹിതം ആഗസ്റ്റ് 10ന് ഉച്ചയ്ക്ക് 12 നകം ശുവപ്പടി കൃഷി ഭവനിൽ സമർപ്പിക്കണം.

6. കൊച്ചി കോർപ്പറേഷന്റെ കർഷക ദിനാചരണം ആഗസ്റ്റ് 17-ന് കോർപ്പറേഷൻ മുഖ്യാലയത്തിൽ നടത്തും. അതോടൊപ്പം കർഷകരെ ആദരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മികച്ച കർഷകർ, മികച്ച വനിതാ കർഷക, മികച്ച വിദ്യാർഥി കർഷകൻ, മികച്ച എസ്.സി./എസ്.ടി. കർഷകൻ, മികച്ച ജൈവ കർഷകൻ, മികച്ച മുതിർന്ന വിഭാഗത്തിലുള്ള കർഷകൻ എന്നീ വിഭാഗങ്ങളിലെ കർഷകരെ ആദരിക്കും അപേക്ഷകൾ ആഗസ്റ്റ് 10-ന് 5 മണിക്കു മുൻപായി വൈറ്റില കൃഷിഭവനിൽ നൽകണം. കൂടുതൽ വിവരങ്ങൾക്ക് 93834 71169 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.